www.malankaralibrary.com

# ജീസസ് യൂത്ത് എന്തുകൊണ്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ വ്യഗ്രതയുള്ളവരല്ല?

- ഡോ. എഡ്വേഡ് എടേഴത്ത്

ഒരിക്കൽ കുട്ടികളുടെ ഇടയിലേക്കു കടന്നുചെല്ലേണ്ട ജീസസ് യൂത്ത് യുവാക്കളായ 'കിഡ്സ് കംപാനിയൻസ് ' നുവേണ്ടി ഒരു സെഷൻ എടുക്കുകയായിരുന്നു. കുട്ടികൾക്കുവേണ്ടി അവർക്കു ചെയ്യാൻ കഴിയുന്ന പല കാര്യങ്ങളും പറഞ്ഞുപോയകൂട്ടത്തിൽ കുട്ടികളിലെ വ്യത്യസ്ത കഴിവുകളെ വികസിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യണമെന്നും ഞാൻ പറഞ്ഞു. അത്തരം ചില കഴിവുകളെ ഞങ്ങൾ പട്ടികപ്പെടുത്തി. അങ്ങനെ ആ ചർച്ച പതുക്കെ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ എത്തിച്ചേർന്നു. ഞാൻ പറഞ്ഞു : "മത്സരങ്ങൾക്കെല്ലാം ചില പരിധികളുണ്ട്. എന്നുതന്നെയല്ല, മത്സരങ്ങൾ ചിലപ്പോൾ ഹാനികരവുമായിത്തീരാം." അപ്പോൾ കൂട്ടത്തിലിരുന്ന ഒരു യുവാവ് ചോദിച്ചു : "എന്നാലും, നമുക്ക് ചെറിയ ചില മത്സരങ്ങൾ സംഘടിപ്പിച്ചുകൂടേ?"

## യുവജനപ്രവർത്തനങ്ങൾ എന്നാൽ മത്സരങ്ങൾ മാത്രമാണോ?

പാരീഷ് കമ്മിറ്റിയിൽ കാര്യമായ ചർച്ച നടക്കുകയാണ് : "യുവജനദിനം വരികയാണ്. നമുക്ക് എന്തു ചെയ്യാം?" യുവാക്കളെ ഒരുമിച്ചുകൂട്ടുക, ചെറിയ ഒരു ക്ലാസ് വയ്ക്കുക, അവർക്കുവേണ്ടി ചില മത്സരങ്ങൾ സംഘടിപ്പിക്കുക. ക്ലാസ് മാത്രമാണെന്നു കേട്ടാൽ വരാൻ ആർക്കും ഒരു താത്പര്യം കാണില്ല. മത്സരം ഉണ്ടെന്നു കേട്ടാൽ ആവേശത്തോടെ വരും. എന്തൊക്കെ മത്സരങ്ങൾ? പാട്ട്, ഡാൻസ്, ചിത്രരചന, ഓർമശക്തിപരീക്ഷ, കായികമത്സരങ്ങൾ,... എന്നിട്ട് കുറച്ചു സമ്മാനങ്ങളും കൊടുക്കുക. ഫസ്റ്റ്, സെക്കന്റ്, തേർഡ്; തീർന്നു പരിപാടി !

ഇന്ന് പലയിടങ്ങളിലും യുവജനങ്ങളുടെ പരിപാടികൾ എന്നുവച്ചാൽ ഇതൊക്കെത്തന്നെയാണ്. പല ഇടവകകളും യുവജന ക്ലബ്ബുകളും പ്രവർത്തനങ്ങളെ ഇത്തരം മത്സരങ്ങളിൽ ഒതുക്കുന്നു. യുവജന ശുശ്രൂഷയിൽ എന്തുകൊണ്ടാണ് ഇവർ മത്സരങ്ങൾക്കു മുൻതൂക്കം കൊടുക്കുന്നത്.

- യുവജനങ്ങളെ ഒരുമിച്ചുകൂട്ടാനുള്ള ഒരു എളുപ്പവഴിയാണത്. കഴിവുള്ളവർ സമ്മാനം ലഭിക്കുന്നതിനായി വരുന്നു. മറ്റുള്ളവർ അത് കണ്ടാസ്വദിക്കുന്നതിനായും വരുന്നു, പ്രത്യേകിച്ച് മത്സരങ്ങൾ ചില രസകരമായ ഇനങ്ങളാകുമ്പോൾ.
- മികച്ചവയെ കണ്ടെത്തി, അതിനു പോഷണമേകാൻ സഹായിക്കുന്നു : ചില മേഖലകളിലെ പ്രാവീണ്യം തിരിച്ചറിയുന്നതിനും അതിനെ വളർത്തുന്നതിനും മത്സരങ്ങൾ ഉപകരിക്കുന്നു. ചില വ്യക്തികൾക്ക് മത്സരസമ്മർദമുള്ളപ്പോൾ മാത്രമായിരിക്കും തങ്ങളുടെ കഴിവിന്റെ പരമാവധി പുറത്തെടുക്കാനും അവയെ മികവുറ്റതാക്കാനും കഴിയുന്നത്. അതുകൊണ്ടുതന്നെ ഇന്ന് മാധ്യമലോകത്തും മത്സരങ്ങളുടെ എണ്ണം വർധിച്ചുവരുന്നതു കാണാനാകും.
- സുഗമമായി സംഘടിപ്പിക്കാം : ഭീമമായ ചിലവുകളൊന്നും ഇല്ലാതെതന്നെ, ചുരുങ്ങിയ മുന്നൊരുക്കങ്ങളോടെ ഒരുകൂട്ടം ആളുകൾക്ക് ഒരു ദിവസം മുഴുവൻ നീളുന്ന മത്സരപരിപാടികൾ സംഘടിപ്പിക്കാൻ സാധിക്കും.

www.malankaralibrary.com

- പബ്ലിസിറ്റി : ചെറിയ പല സംഘടനകളും ചില മത്സരങ്ങളുടെ പേരിൽ പെട്ടെന്ന് പ്രശസ്തമാകാറുണ്ട്. ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള ഒരു എളുപ്പവഴിയാണ് അത്. അവിടെ എന്തൊക്കെയോ നടക്കുന്നുണ്ട് എന്നൊരു മതിപ്പ് അതുളവാക്കുന്നു.

- രസകരവും ആകർഷകവുമാണ് : യുവജനസംഘടനകൾക്കോ യുവജനശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന മുതിർന്നവർക്കോ, കുറേയധികം യുവജനങ്ങളെ ആവേശത്തോടെ നിലനിർത്താനുള്ള ഒരു മാർഗമാണ് ഇത്തരം മത്സരങ്ങൾ.

## മത്സരങ്ങൾ ഹാനികരമാകുന്നത് എപ്പോൾ?

ഞങ്ങളുടെ സണ്ടേസ്കൂളിലെ കലാകായികമത്സരങ്ങളുടെ ദിവസം ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷത്തിന്റെ ദിവസമായിരുന്നു. മത്സരിക്കാനും, മത്സരം കണ്ടാസ്വദിക്കാനുമായി എല്ലാവരും ഒത്തുചേരുന്ന ഒരു ആഘോഷം. പക്ഷേ, പതുക്കെപ്പതുക്കെ ഇതൊരു സ്ഥിരം പരിപാടിയായി മാറുകയും, ഞങ്ങൾക്കതിലുള്ള താത്പര്യം കുറഞ്ഞുവരികയും ചെയ്തു. പിന്നീട് മത്സരങ്ങൾ നടത്തുക എന്നത് സംഘാടകരെ സംബന്ധിച്ചിടത്തോളം പ്രയാസമേറിയ ഒരു കാര്യമായി മാറി. അപ്പോൾ ചോദ്യമിതാണ് – മത്സരങ്ങൾ എങ്ങനെയാണ് ഹാനികരമാകുന്നത്?

- നമ്മെ വിഭജിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുന്നു : മികച്ച രണ്ടു ഗായകരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പ്രക്രിയയിൽ അനേകം പരാജിതർ സൃഷ്ടിക്കപ്പെടുന്നു. പതുക്കെ, അത്തരത്തിൽ അവഗണിക്കുപ്പെടുകയും വിഷമിക്കുകയും ചെയ്യുന്ന യുവാക്കളോട് സഹതാപമനസ്കരായി നാം മാറുന്നു.

- സങ്കുചിതമായ വിധിനിർണയങ്ങൾ : ഒരു പ്രസംഗമത്സരത്തിൽ നാം ചില കർക്കശമായ മാനദണ്ഡങ്ങളുപയോഗിച്ച് ആളുകളെയും അവരുടെ കഴിവിനെയും തരംതിരിക്കുന്നു. ആശയവിനിമയത്തിനുള്ള ഏറ്റവും മികച്ച രീതി ഇന്നതാണ് എന്ന് നാം പരോക്ഷമായി പ്രഖ്യാപിക്കുന്നു. ആശയങ്ങൾ അവതരിപ്പിക്കാൻ അതിലും ലളിതവും ഫലവത്തുമായ മറ്റുപല രീതികളുമുണ്ടെന്ന സത്യത്തെ തമസ്കരിക്കുകയല്ലേ നാം അതുവഴി ചെയ്യുന്നത്? വാസ്തവത്തിൽ നമ്മൾ പല കഴിവുകളെയും സമീപനങ്ങളെയും വധിക്കുകയല്ലേ ചെയ്യുന്നത്?

- വ്യതിരിക്തതയിലെ മനോഹാരിതയെ അവഗണിക്കുന്നു : നാമോരോരുത്തരും അനന്യരാണ്. ഓരോരുത്തർക്കും അവരവരുടേതായ സവിശേഷതകളുമുണ്ട്. കുട്ടികളിലെ വ്യത്യസ്ത പഠനശൈലികളെക്കുറിച്ച് ഇന്ന് അനേകം പഠനങ്ങളും ചർച്ചകളും നടക്കുന്നുണ്ട്. നാമോരോരുത്തരും 'വ്യതിരിക്തമായി പ്രാഗദ്ഭ്യമുള്ളവരാണല്ലോ.' മത്സരങ്ങൾവഴി ദൈവത്തിന്റെ മനോഹരമായ അദ്ഭുതങ്ങളെ കാണാതെപോകുന്നവരായി നാം മാറരുത്.

- ഒരു മാത്സര്യസംസ്കാരം പടുത്തുയർത്തുന്നു : നമ്മൾ 'ആരോഗ്യകരമായ മത്സരങ്ങളെപ്പറ്റി' സംസാരിക്കുന്നവരാണ്. മറ്റൊരാളെ അശേഷം തോൽപിക്കുന്നതിൽ

www.malankaralibrary.com

ആരോഗ്യകരമായി എന്താണുള്ളത്? ജീവിതം എല്ലായ്പ്പോഴും എന്റെ വിജയവും മറ്റുള്ളവരുടെ പരാജയവും മാത്രം അടങ്ങുന്ന ഒന്നല്ല; ഫലപ്രദമായി സഹവർത്തിത്വത്തോടെ കഴിയുന്നതാണ് യഥാർഥ ജീവിതം. സഹകരണത്തിന്റെയും യോജിപ്പിന്റെയും പരസ്പരസഹായത്തിന്റെയും ഒരു സംസ്കാരമാണ് നമുക്കാവശ്യം.

- സ്നേഹം, ദയ, സാമൂഹ്യനിർമിതി എന്നിവയെ ദുർബലമാക്കുന്നു : ഒരു സമൂഹം രൂപപ്പെടുന്നത് 'ദാനങ്ങളുടെയും ശുശ്രൂഷകളുടെയും പ്രവൃത്തികളുടെയും വൈവിധ്യങ്ങൾ പൊതുനന്മക്കായി ഒരുമിക്കുമ്പോഴാണ് ' (1 കോറി. 12:4–7). നാം കണ്ണുകൾ തുറന്നൊന്നു നോക്കിയാൽ, നമ്മുടെ കുറവുകൾ മറ്റൊരാളുടെ സവിശേഷദാനങ്ങളാൽ എങ്ങനെ നികത്തപ്പെടുന്നു എന്നു കാണാനാകും. അപ്പോഴാണ് നാം കർത്താവ് വിഭാവനം ചെയ്യുന്ന സാമൂഹ്യനിർമിതിയിൽ പങ്കാളികളാകുന്നത്.

## മാത്സര്യമല്ല, സ്നേഹത്തോടെ ഒരു സമൂഹമായുള്ള വളർച്ചയാണ് ആവശ്യം

“തങ്ങളിൽ ആരാണ് വലിയവൻ” (ലൂക്ക 22:24) എന്ന ചോദ്യത്തിൽ മാത്സര്യമനോഭാവം നിഴലിച്ചതുകൊണ്ട് 'തെറ്റായ ഒരു ചോദ്യം' ആയാണ് ഈശോ അതിനെ കണക്കാക്കിയത്. ജീസസ് യൂത്ത് മുന്നേറ്റത്തിൽ 'നിങ്ങൾ മത്സരങ്ങൾ സംഘടിപ്പിക്കരുത് ' എന്ന് ആരും പറഞ്ഞിട്ടില്ല. എന്നിരുന്നാലും, ആരെയും അത്ര ഗൗരവമായി ബാധിക്കാത്ത ചില പരിപാടികൾ തമാശക്കും വിനോദത്തിനുംവേണ്ടി നടത്തിയിരുന്നു എന്നതൊഴിച്ചാൽ, മികച്ച കഴിവുകളെ കണ്ടെത്തുന്നതിനായുള്ള മത്സരപരിപാടികൾ ജീസസ് യൂത്ത് മുന്നേറ്റത്തിൽ വിരളമായിരുന്നു. മത്സരങ്ങൾ ഇല്ലാതെ തന്നെയും വ്യക്തികളുടെ കഴിവുകളെ തിരിച്ചറിയുകയും, പ്രോത്സാഹനത്തിന്റെയും നിർദേശങ്ങളുടെയും സ്നേഹപൂർവമായ പിന്തുണയുടെയും അന്തരീക്ഷത്തിൽ അവയെ പൂർണതയിൽ എത്തിക്കുകയും ചെയ്യുന്നതിന് മുന്നേറ്റത്തിനു നാളിതുവരെ സാധിച്ചിട്ടുണ്ട്.

മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘടനകളുണ്ട്. എന്തു ചെയ്യണമെന്ന് അറിയാതെ വരുമ്പോൾ മത്സരങ്ങളെക്കുറിച്ചു ചിന്തിക്കുന്ന മറ്റു പല സംഘടനകളുമുണ്ട്. യുവജനങ്ങളുടെ പങ്കാളിത്തം കൂട്ടുന്നതിനുവേണ്ടിയാണ് അവർ ഇങ്ങനെ ചെയ്യുന്നത്. ഒരു വ്യക്തിയിലെ ഏറ്റവും നല്ലതിനെ പുറത്തെടുക്കുവാനാണ് മത്സരങ്ങൾ നടത്തുന്നതെന്നു നാം അഭിപ്രായപ്പെടുമെങ്കിലും, വാസ്തവത്തിൽ അതിന്റെ ഫലമായി നിഷേധാത്മകതയും, അസൂയയും, ശത്രുതയും, നിരുത്സാഹപ്പെടുത്തലുകളും, വർഗീയതയുമൊക്കെയാണ് ഉടലെടുക്കുന്നത്. മാത്സര്യസംസ്കാരംമൂലവും ചില മത്സരങ്ങളുടെ പ്രത്യേകതകൾകൊണ്ടും തങ്ങൾ ഉപയോഗശൂന്യരാണ് എന്ന ചിന്തയും, നിരാശയും യുവജനങ്ങളിൽ ഉളവാകുന്നുണ്ട്. തത്ഫലമായി പല ഗ്രൂപ്പുകളിൽനിന്നും യുവജനങ്ങൾ പിന്തിരിയുന്നു. കൂടാതെ, ചിലരിൽ വൈരാഗ്യമനോഭാവം രൂപപ്പെടാനും ഇത് ഇടനൽകുന്നു.

ജീസസ് യൂത്തിൽ നിലനിൽക്കുന്ന ശ്രദ്ധേയമായ ഒരു വസ്തുത എന്തെന്നാൽ, ഇവിടെ മത്സരങ്ങൾ ഇല്ലെങ്കിലും മത്സരിക്കാനും പോരാടാനുമുള്ള അവസരങ്ങൾ ധാരാളമുണ്ട് എന്നതാണ്. നമ്മുടെ കൂട്ടായ്മകളിൽ ഉള്ളവർ നിസ്സംഗരും ഭക്തിമാർഗത്തിൽ മാത്രം ഒതുങ്ങുന്നവരുമല്ല, മറിച്ച് ശുശ്രൂഷയ്ക്കും, പ്രേഷിതപ്രവർത്തനങ്ങൾക്കുമുള്ള വെല്ലുവിളികളെ

www.malankaralibrary.com

ഏറ്റെടുക്കുന്നവരാണ്. അതിനാൽത്തതന്നെ, ഒരു നിഷേധാത്മക മാത്സര്യസ്വഭാവം അവരിലേക്ക് കടന്നു വരാതിരിക്കാൻ നാം ശ്രദ്ധിക്കണം.

ജീസസ് യൂത്ത് മുന്നേറ്റത്തെ സന്തുലിതാവസ്ഥയിൽ നിലനിർത്തുന്നത് അന്തരികതയ്ക്കും, സ്നേഹക്കൂട്ടായ്മയ്ക്കും, പ്രേഷിതപ്രവർത്തനങ്ങൾക്കും നൽകിവരുന്ന ഊന്നലാണ്. ജീസസ് യൂത്തിനെ അടുത്തറിഞ്ഞവർ മത്സരങ്ങൾക്കു പകരം, ദൈവസ്നേഹവും, കൂട്ടായ്മയും, പ്രേഷിതപ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്ന വെല്ലുവിളികളും എപ്രകാരമാണ് യുവജനങ്ങളെ ഒരുമിച്ചുകൂട്ടി, തങ്ങളുടെ കഴിവുകൾ കണ്ടെത്തി, പ്രേഷിതപ്രവർത്തനസാധ്യതകളിലേക്കു നയിക്കുന്നത് എന്നു മനസ്സിലാക്കിയിട്ടുണ്ട്.

“അല്ല; കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കുന്നതിനുള്ള ജീസസ് യൂത്ത് ശൈലിയിലുള്ള മുഖ്യമാർഗം മത്സരങ്ങളല്ല്’, എന്നതായിരുന്നു കിഡ്സ് കംപാനിയൻസുമായുള്ള ചർച്ചയിലെ ഞങ്ങളുടെ നിഗമനം. കുട്ടികളിൽ ധാരാളം നൈപുണ്യങ്ങളും അവ പരിശീലിപ്പിക്കാൻ പല നൂതന രീതികളുമുണ്ട്. നമുക്ക് അവ തീർച്ചയായും പ്രയോജനപ്പെടുത്താം.

www.malankaralibrary.com

# കഴിവുകളും മത്സരങ്ങളും - ജീസസ് യൂത്ത് കാഴ്ചപ്പാട്

- മനോജ് സണ്ണി

'Competitions and Jesus Youth' എന്ന തലക്കെട്ടിൽ എഡ്വേഡ് എടേഴത്ത് എഴുതിയ ലേഖനത്തെ അഭിനന്ദിച്ചുകൊണ്ടാണ് ഞാനിതെഴുതുന്നത്. ദിനംപ്രതി വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുന്ന ഒരു പ്രവണത നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മകളിൽ ഇന്ന് വർധിച്ചുവരുന്നു. വാസ്തവത്തിൽ, എന്നെ ഏറെ ചിന്തയിലാഴ്ത്തിയ ഒന്നാണത്. കഴിവ് അടിസ്ഥാനമാക്കിയുള്ള, മുന്നേറ്റത്തിലെ ആദ്യ മിനിസ്ട്രിയുടെ കോർഡിനേറ്റർ എന്ന നിലയിലും, റെക്സ് ബാന്റിന്റെ ആദ്യ കോർഡിനേറ്റർ എന്ന നിലയിലുമുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ മനസ്സിലാക്കുന്നത്, ഇതിൽ പല മത്സരങ്ങളും സംഘടിപ്പിക്കുന്നതിലുള്ള ഈ ആവേശം നമ്മുടെ മുന്നേറ്റത്തിന്റെ അടിസ്ഥാനതത്വങ്ങൾക്ക് വിരുദ്ധമാണ് എന്നാണ്. 'ഒരുപക്ഷേ, കഴിവുകളും മിനിസ്ട്രികളും' എന്ന വിഷയത്തിലുള്ള നമ്മുടെ മുന്നേറ്റത്തിന്റെ സമീപനത്തെക്കുറിച്ച് കൂടുതൽ ആഴത്തിൽ ചിന്തിക്കാനുള്ള ഒരുവസരമായും ഇതിനെ കണക്കാക്കാം. ഈ വിഷയത്തെപ്പറ്റി എഡ്വിച്ചേട്ടൻ വളരെ മനോഹരമായി എഴുതിയിട്ടുള്ളതിനാൽ, എന്റെ ആദ്യകാല അനുഭവങ്ങളിൽ വേരൂന്നിയ ചില ചിന്തകൾ അതിനോടു കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## ഇത് കഴിവുകളെ സംബന്ധിക്കുന്ന ഒന്നു മാത്രമാണോ?

പുറപ്പാട് 31:1-5 വാക്യങ്ങളിൽ വിശുദ്ധ കൂടാരം നിർമിക്കാൻ ഒരു സംഘത്തെ കർത്താവു പ്രത്യേകമായി നിയോഗിക്കുന്നതു കാണാം. "യൂദാഗോത്രത്തിൽപ്പെട്ട ഹൂറിന്റെ പുത്രനായ ഊറിയുടെ മകൻ ബസാലേലിനെ ഞാൻ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു. ഞാൻ അവനിൽ ദൈവിക ചൈതന്യം നിറച്ചിരിക്കുന്നു; സാമർഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും എല്ലാത്തരം ശിൽപവേലകളിലുമുള്ള വൈദഗ്ധ്യവും അവനു ഞാൻ നൽകിയിരിക്കുന്നു. കലാരൂപങ്ങൾ ആസൂത്രണംചെയ്യുക, സ്വർണം, വെള്ളി, ഓട് എന്നിവകൊണ്ടു പണിയുക, പതിക്കാനുള്ള രത്നങ്ങൾ ചെത്തി മിനുക്കുക, തടിയിൽ കൊത്തുപണി ചെയ്യുക എന്നിങ്ങനെ എല്ലാത്തരം ശിൽപവേലകൾക്കും വേണ്ടിയാണിത്."

വിശുദ്ധ ഗ്രന്ഥം ദൈവിക പദ്ധതിയെ അവതരിപ്പിക്കുന്ന രീതി വളരെ മനോഹരമാണ്. എല്ലാറ്റിനും ഒരു ക്രമമുണ്ട്. ദൈവം ഒരു വ്യക്തിയെ/സമൂഹത്തെ ഒരു പ്രത്യേക നിയോഗത്തിനായി തിരഞ്ഞെടുക്കുമ്പോൾ ആദ്യമായി ആത്മാവിന്റെ അഭിഷേകത്താൽ ആ വ്യക്തിയെ/സമൂഹത്തെ നിറയ്ക്കുന്നു, രണ്ടാമതായി കഴിവും ബുദ്ധിസാമർഥ്യവും നൽകുന്നു. ഏറ്റവും ഒടുവിൽ അതിനാവശ്യമായ അറിവും കരവിരുതും. എണ്ണത്തിൽ ആറായിരത്തിലധികമുള്ള ഇസ്രായേൽവംശം മുഴുവനും കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണ്. എങ്കിൽക്കൂടിയും ഒരു പ്രത്യേക നിയോഗത്തിനായി ഒരു ചെറിയ ഗണത്തെ മാറ്റിനിർത്തുന്നു; അവരെ ആത്മാവിനാൽ നിറയ്ക്കുന്നു, കഴിവും അറിവും നൽകി ഒരുക്കുന്നു, അതിനായുള്ള അവസരം നൽകുന്നു. ജീസസ് യൂത്ത് മിനിസ്ട്രികൾ 'സമാനമായ തിരഞ്ഞെടുപ്പിനുള്ളിലെ ഒരു തിരഞ്ഞെടുപ്പാണ്'. അതിനാൽ, ജീസസ് മിനിസ്ട്രികളുടെ അടിസ്ഥാനമായി ഈ ക്രമത്തെ നാം കാണേണ്ടതുണ്ട്.

www.malankaralibrary.com

നമ്മുടെ കഴിവുകളും വിജയങ്ങളും നമ്മുടെ പ്രയത്നത്തിന്റെ ഫലമാണെന്ന ആത്മപ്രശംസയിൽനിന്നും, എല്ലാം അവിടുത്തെ ദാനമാണെന്ന തിരിച്ചറിവിലേക്ക് അതു നമ്മെ നയിക്കുന്നു. എല്ലാം മനുഷ്യനിർമിതമാക്കാം എന്നവകാശപ്പെടുമ്പോഴും നാം ചിന്തിക്കണം (പ്രത്യേകിച്ച് ഈ കോവിഡ് കാലഘട്ടത്തിൽ), ഇന്ന് നാം ശ്വസിക്കുന്ന വായുവില്ലായിരുന്നെങ്കിൽ? ദൈവം നൽകിയ അവസരങ്ങളും അറിവും ആരോഗ്യവും ഇല്ലായിരുന്നെങ്കിൽ? ഞാൻ എവിടെയായിരുന്നേനേ എന്ന് !

## എല്ലാം ഒരേയളവിൽ അല്ല, എന്നാൽ ദൗത്യാനുസൃതം

"അവനെ സഹായിക്കാനായി ദാൻഗോത്രത്തിൽപ്പെട്ട അഹിസാമാക്കിന്റെ പുത്രൻ ഓഹോലിയാബിനെ ഞാൻ നിയോഗിച്ചിരിക്കുന്നു. ഞാൻ നിന്നോടു കൽപിച്ചതെല്ലാം നിർക്കുന്നതിന് എല്ലാ ശിൽപ വിദഗ്ധന്മാർക്കും പ്രത്യേക സാമർഥ്യം കൊടുത്തിട്ടുണ്ട്." (പുറപ്പാട് 31:6) "നിങ്ങളിൽ ശിൽപവൈദഗ്ധ്യമുള്ളവർ മുൻപോട്ടുവന്ന് കർത്താവ് ആജ്ഞാപിച്ചിരിക്കുന്നവയെല്ലാം നിർമിക്കട്ടെ: വിശുദ്ധ കൂടാരം, അതിന്റെ വിരികൾ, കൊളുത്തുകൾ, ചട്ടങ്ങൾ, അഴികൾ, തൂണുകൾ, അവയുടെ പാദകുടങ്ങൾ;പേടകം, അതിന്റെ തണ്ടുകൾ, കൃപാസനം, തിരശ്ശീല;" (35:10–12)

ബെസലേലിനെ സഹായിക്കാൻ വേണ്ടി കർത്താവു കുറച്ചു പേരെ നിയോഗിക്കുന്നുണ്ട്. സമാഗമകൂടാരത്തിന്റെ നിർമാണത്തിനുവേണ്ടി മാത്രമല്ല, അതിന്റെ വിരികൾ, കൊളുത്തുകൾ, തൂണുകൾ എന്നിവയ്ക്കുംകൂടി പ്രത്യേകമായി ആളുകളെ നിയോഗിക്കുന്നു. അവിടുത്തെ ശുശ്രൂഷയ്ക്കായി ദൈവം ആളുകളെ തിരഞ്ഞെടുക്കുമ്പോൾ, എല്ലാവർക്കും ഒരേ അളവിൽ അല്ല കഴിവുകൾ നൽകുന്നത്, ഓരോ വ്യക്തിക്കും അവന്റെ ദൗത്യാനുസൃതം കഴിവുകൾ നൽകുന്നു. ഓരോ വ്യക്തിയിൽനിന്നും കർത്താവ് ആഗ്രഹിക്കുന്ന ഫലങ്ങളും അതിനാൽത്തന്നെ വ്യത്യസ്തമാണ്. താലന്തുകളുടെ ഉപമയിൽനിന്നും ഇതു വ്യക്തമാണ്. മൂന്നുപേർക്കും വ്യത്യസ്ത അളവിലാണ് താലന്തുകൾ നൽകപ്പെടുന്നത്. മൂന്നുപേരിൽനിന്നും വ്യത്യസ്ത ഫലങ്ങളാണ് അവിടുന്നു തിരികെ പ്രതീക്ഷിക്കുന്നതും. ദൈവത്തിന്റെ അളവും, തീരുമാനവും, ഉദ്ദേശ്യവും ലോകത്തിന്റേതിൽനിന്നും ഒരുപാടു വ്യത്യസ്തമാണ്!

ഒരേ മിനിസ്ട്രിയിൽത്തന്നെ, ഓരോ കഴിവും വ്യത്യസ്ത അളവിലാണ് നമുക്കാവശ്യം. ഒരു നാടകത്തിൽ എല്ലാവരും കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നതോ, ഒരു മ്യൂസിക് മിനിസ്ട്രയിൽ എല്ലാവരും സോളോയിസ്റ്റ് ആകുന്നതോ ഉചിതമല്ല. ഉദാഹരണത്തിന്, വളരെ മികച്ച ഒരു മ്യൂസിക് മിനിസ്ട്രിക്ക് സോളോയിസ്റ്റ് ഗായകർ മാത്രം പോരാ, കോറസ് പാടുന്നവരും, വ്യത്യസ്ത സംഗീതോപകരണങ്ങൾ വായിക്കുന്നവരും, അവയെ ഏകോപിപ്പിക്കുന്നവരും, എല്ലാം ആവശ്യമാണ്. അപ്പോഴല്ലേ, ആ മ്യൂസിക് മിനിസ്ട്രി കൂടുതൽ മനോഹരമാകുന്നത്!

## ദൈവവിളിയോടുള്ള പ്രത്യുത്തരമാണ് പ്രധാനം

ഒരിക്കൽ മാർ ജേക്കബ് തൂങ്കുഴി പിതാവ് പറയുകയുണ്ടായി, "ഉന്നത പഠനനിലവാരം കാഴ്ചവച്ച അനേകം യുവജനങ്ങൾക്കു ഞാൻ സമ്മാനം നൽകിയിട്ടുണ്ട്. എന്നാൽ അവരിൽ ചുരുക്കം ചിലരെ മാത്രമേ ഞാൻ പിന്നീട് കണ്ടിട്ടുള്ളൂ. അവരാരുംതന്നെ ദൈവം നൽകിയ ഈ

www.malankaralibrary.com

ബുദ്ധിസാമർഥ്യവും കഴിവും സഭയുടെ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കുന്നതായി കാണുന്നില്ല." നമുക്കെല്ലാവർക്കും ദൈവം വ്യത്യസ്തമായ കഴിവുകൾ നൽകിയിട്ടുണ്ടെങ്കിലും, അവിടുത്തെ തിരഞ്ഞെടുപ്പിനോടു തുറവി കാണിച്ചവരിലൂടെ മാത്രമേ അവിടുന്നു പ്രവർത്തിച്ചിട്ടുള്ളൂ. അവിടുത്തേക്ക് ഒരു പ്രവൃത്തി ചെയ്യുന്നതിനായി നമ്മുടെ സഹായം ആവശ്യമില്ല. എങ്കിലും, നമ്മോടുള്ള സ്നേഹത്താൽ അവിടുന്ന് നമ്മെ തിരഞ്ഞെടുത്തു, നമ്മിലൂടെ അവിടുത്തെ ഹിതം നടപ്പിലാക്കിക്കൊണ്ട് മക്കളായ നമ്മെ അവിടുന്ന് ബഹുമാന്യരാക്കി. ഇത് നമ്മുടെ ഹൃദയത്തിൽ, ആഴത്തിൽ പതിപ്പിക്കേണ്ട ഒരു കാര്യമാണ്.

## കഴിവുകളും വരദാനങ്ങളും

1989 ൽ നടന്ന നാഷണൽ കൺവെൻഷനിൽ ഞാൻ മ്യൂസിക് മിനിസ്ട്രിയുടെ ഭാഗമായിരുന്നു. അതേത്തുടർന്ന് ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ ആദ്യത്തെ കോർഡിനേറ്റർ ആയി നിയോഗിക്കപ്പെടുകയും ചെയ്തു. അന്ന് കൺവെൻഷനുവേണ്ടി ഞങ്ങൾ ഒരു ആൽബം റെക്കോർഡ് ചെയ്തിരുന്നു. മുന്നേറ്റത്തിനു വെളിയിലുള്ള, ഒരു പ്രൊഫഷണൽ ഗായികയാണ് അന്ന് ആ ആൽബത്തിൽ സ്ത്രീശബ്ദത്തിൽ ലീഡ് പാടിയത്. അതിനുശേഷം മറ്റൊരവസരത്തിൽ, ഒരു കൺവെൻഷൻ വേദിയിൽ, നമ്മുടെ മിനിസ്ട്രിയിലെ ഒരു ഗായിക ഇതേ ഭാഗങ്ങൾ പാടിയത് ഞാനോർക്കുന്നു. രണ്ടുപേരുടെയും പാടാനുള്ള കഴിവിനെ താരതമ്യം ചെയ്യുന്നതിൽ അർഥമില്ലെങ്കിൽക്കൂടിയും, ആൽബത്തിൽ കേട്ടതിനേക്കാൾ മനോഹരമായി ആ ഗായിക അന്നു പാടി എന്ന് ഒരുപാടു പേരിൽനിന്നു കേട്ടപ്പോൾ ശരിക്കും ഞാൻ ആശ്ചര്യപ്പെട്ടു. മാത്രമല്ല, നമ്മുടെ മിനിസ്ട്രിയിൽത്തന്നെ ഇത്ര മനോഹരമായി പാടാൻ കഴിവുള്ളവർ ഉള്ളപ്പോൾ എന്തിനാണ് റെക്കോർഡ് ചെയ്യാൻ പുറത്തു നിന്നൊരാളെ വിളിച്ചതെന്ന ചോദ്യവും ഉയർന്നു. ഇത് എന്റെ കണ്ണു തുറപ്പിച്ച ഒരു സംഭവം ആയിരുന്നു. അന്നവിടെ വലിയൊരു അദ്ഭുതം ഞാൻ ദർശിക്കുകയായിരുന്നു. നമ്മുടെയിടയിൽനിന്നുള്ള ഒരു സാധാരണ ഗായിക ആത്മാവിനാൽ നിറഞ്ഞപ്പോൾ, അവൾക്കു ദൈവത്തിൽനിന്നു ലഭിച്ച ആ കഴിവിനെ ഏറ്റവും മനോഹരമായി ഉപയോഗിക്കാൻ സാധിച്ചു. അത് കേട്ടിരുന്ന ഓരോരുത്തരുടെയും കാതുകൾക്ക് ഇമ്പമുള്ളതായിരുന്നു എന്നു മാത്രമല്ല, അവരുടെ ഹൃദയത്തെ സ്പർശിക്കുന്നതും, ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതുമായ ഒരനുഗ്രഹമായി മാറുകയും ചെയ്തു. ഈ ഒരുറപ്പുതന്നെയായിരുന്നു വളരെ ചെറുപ്പത്തിലും, അനുഭവജ്ഞാനം കുറവായിരുന്നിട്ടും, ജീസസ് യൂത്തിൽ എന്റെ ആദ്യത്തെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ എന്നെ ശക്തിപ്പെടുത്തിയത്. എന്റെ ജീവിതത്തിലുടനീളം ഈ അദ്ഭുതം ആവർത്തിക്കപ്പെടുന്നത് ഞാൻ കാണുന്നു.

ഏറ്റവും യോഗ്യരായവരെയല്ല കർത്താവു അന്വേഷിക്കുന്നത് (അങ്ങനെ ആയിരുന്നെങ്കിൽ, ഞാൻ ഒരിക്കലും ആ പട്ടികയിൽ ഉണ്ടാകുമായിരുന്നില്ല); ദാനമായി ലഭിച്ചതിന്റെ ഏറ്റവും നല്ലത് അവിടുത്തേക്കു നൽകാൻ തയ്യാറായവരെയാണ്. തന്റെ കയ്യിൽ ആകെ ഉണ്ടായിരുന്ന അഞ്ചപ്പവും രണ്ടു മീനും കൊടുക്കാൻ 'ആ ചെറിയ ബാലൻ' തയ്യാറായപ്പോൾ കർത്താവ് അതിനെ അയ്യായിരം പേർക്കുള്ള ആഹാരമാക്കി മാറ്റി. ഫ്രാൻസിസ് മാർപ്പാപ്പ യുവജനങ്ങളെ നോക്കി പലപ്പോഴും "Do Your Best" എന്ന് ആഹ്വാനം ചെയ്യുന്നതും ഇതേ ബോധ്യത്തിൽനിന്നുകൊണ്ടാണ്. അതുകൊണ്ടായിരിക്കണം മാർപ്പാപ്പ കായികവിനോദങ്ങളെ സംബന്ധിക്കുന്ന തന്റെ പ്രബോധകലേഖനത്തിന് "Giving the Best of Yourself – A Christian

www.malankaralibrary.com

Perspective on Sport and the Human Person" എന്ന ശീർഷകം നൽകിയത്.

## അംഗീകരിക്കുക, പ്രോത്സാഹിപ്പിക്കുക, അവസരങ്ങൾ എല്ലാവർക്കുമായി തുറന്നുകൊടുക്കുക.

ആദ്യകാലംതൊട്ടേ അഭിനയം, സംഗീതം എന്നിവയുമായി ബന്ധപെട്ടു നിൽക്കുന്നവർക്കുവേണ്ടിയുള്ള ധ്യാനങ്ങൾ, പരിശീലനങ്ങൾ, എന്നിവ റെക്സ്ബാന്റ് മിനിസ്ട്രിയുടെ ഭാഗമായിരുന്നു. അത്തരം ഒത്തുചേരലുകളിൽ, പങ്കെടുക്കുന്നവർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു സെഷൻ നിർബന്ധമായും ഉൾപ്പെടുത്തിയിരുന്നു. എങ്കിലും ആ സമയം ഒരു താരതമ്യപരമോ മത്സരപരമോ ആയ വേദിയായി മാറാതിരിക്കാൻ ഞങ്ങൾ അതീവശ്രദ്ധ ചെലുത്തിയിരുന്നു. കേൾക്കാനും, അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളായി അവയെ പ്രയോജനപ്പെടുത്തി. ഓരോരുത്തരുടെയും കഴിവുകളെക്കുറിച്ചു ലഭിച്ച അഭിപ്രായങ്ങളും വിലയിരുത്തലുകളും വ്യക്തിപരമായി അവരോടു പങ്കുവച്ചു. അത് തങ്ങളുടെ കഴിവിനെ വളർത്താൻ ഉപകരിക്കുന്നവയായിരുന്നു. ഓരോരുത്തരുടെയും കഴിവിന്റെ അളവു വ്യത്യസ്തമാണെങ്കിലും, അവിടുത്തെ പദ്ധതിയിൽ ഓരോരുത്തർക്കും അതുല്യമായ ഒരു സ്ഥാനമുണ്ടെന്ന് ഞങ്ങൾ വിശ്വസിച്ചിരുന്നു.

അടുത്തിടെ, ജീസസ് യൂത്ത് ഇന്റർനാഷണൽ സ്റ്റുഡിയോയുടെ ആശീർവാദത്തിനുശേഷം, ഒരു തിരക്കഥാമത്സരം സംഘടിപ്പിക്കുന്നതിനെക്കുറിച്ചു ചില യുവജന സുഹൃത്തുക്കൾ അഭിപ്രായപ്പെട്ടു. എന്നാൽ, അത് ജീസസ് യൂത്ത് ശൈലിക്കു ചേർന്നതല്ല എന്നു പറഞ്ഞുകൊണ്ട് അന്ന് ഉചിതമായി ചില വ്യക്തികൾ ഇടപെട്ടു. മത്സരത്തിനു പകരമായി ഒരു പുതിയ ആശയം രൂപപ്പെട്ടു. വലിയ തോതിൽ തിരക്കഥകൾ സ്വീകരിക്കുകയും, അതിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന തിരക്കഥകൾക്കു ജീവൻ പകരാൻ ആവശ്യമായ വിഭവങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്യുവാൻ അന്നു ഞങ്ങൾ തീരുമാനിച്ചു.

തീർച്ചയായും കഴിവുകളെ നമ്മൾ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. പക്ഷെ, അതൊരിക്കലും ലോകത്തിന്റെ കാഴ്ചപ്പാടോടുകൂടി ആയിരിക്കരുത്. ഒരുപാടുപേരുടെ വ്യത്യസ്തങ്ങളായ കഴിവുകളെയും വൈദഗ്ധ്യങ്ങളെയും തുറവിയോടെ സ്വീകരിക്കാൻ നമ്മുടെ ഹൃദയവും മനസ്സും തുറക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ഉദാരതയെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നമ്മുടെ മിനിസ്ട്രികൾ മാറുമ്പോൾ അതു കൂടുതൽ മനോഹരവും സ്വീകാര്യവും ആയിരിക്കും. അതെ, സകലത്തിന്റെയും ദാതാവായ അവിടുത്തെയാണ് നാം പ്രതിഫലിപ്പിക്കേണ്ടത്.

## റെക്സ് ബാന്റിന്റെ യാത്ര

ജനങ്ങളിലേക്ക് എത്തുചേരാനുള്ള സംഗീതത്തിന്റെ സാധ്യതയെ സുവിശേഷപ്രഘോഷണത്തിനായി വലിയരീതിയിൽ പ്രയോജനപ്പെടുത്തിയ ആദ്യത്തെ മിനിസ്ട്രിയാണ് റെക്സ് ബാന്റ്. റെക്സ് ബാന്റിന്റെ രജത ജൂബിലിയുമായി ബന്ധപെട്ടു ഞാൻ എഴുതിയ ഒരു ലേഖനത്തിലെ കുറച്ചു ഭാഗങ്ങൾ ഇവിടെ കൂട്ടിച്ചേർക്കുന്നു.

"90 കളുടെ ആദ്യപാദങ്ങളിൽ കേരളത്തിൽ ആരംഭിച്ച ഒരു മ്യൂസിക് ബാന്റ് എന്ന നിലയിൽ

www.malankaralibrary.com

ഒട്ടേറെ പരിമിതികൾ ഞങ്ങൾക്കുണ്ടായിരുന്നു. വ്യക്തിപരമായി ഞങ്ങൾ കണ്ടുമുട്ടിയ ക്രിസ്തുവിനെ മറ്റുള്ളവർക്കു പകർന്നുകൊടുക്കാനുള്ള അതിയായ ആഗ്രഹവും അഭിനിവേശവും മാത്രമായിരുന്നു ഞങ്ങളെ മുന്നോട്ടു നയിച്ചത്. സ്വന്തമായി ഒരു അക്കോസ്റ്റിക് ഗിറ്റാർ വാങ്ങാൻ മാസങ്ങളും, ചെറിയ ഒരു സൗണ്ട് സിസ്റ്റത്തിന് വർഷങ്ങളും വേണ്ടിവന്നു. പക്ഷെ, ആദ്യംമുതലേ രണ്ടു കാര്യങ്ങളിൽ ഞങ്ങൾ ഉറച്ചു വിശ്വസിച്ചിരുന്നു : ഏറ്റവും മികച്ച രീതിയിൽ കർത്താവിനു സാക്ഷ്യം വഹിക്കണം. ഞങ്ങൾക്ക് ദാനമായി ലഭിച്ച എല്ലാറ്റിന്റെയും (കഴിവ്, പണം, സമയം, ആരോഗ്യം) ഏറ്റവും നല്ലത് അവിടുത്തേക്ക് നൽകണം.

ഞങ്ങൾ എല്ലാവരും ഒരു കാര്യത്തിൽ വ്യക്തതയുള്ളവരായിരുന്നു. ഞങ്ങൾ ഇവിടെ ആയിരിക്കുന്നത് സംഗീതത്തിനുവേണ്ടി നിലകൊള്ളാൻ അല്ല, മറിച്ച് ദൈവസ്നേഹത്തെപ്രതിയാണ് – അവിടുത്തേക്ക് വേണ്ടിയാണു; അതുകൊണ്ടുതന്നെ ഞങ്ങളുടെ സംഗീതം ദൈവസ്നേഹത്തെ പങ്കുവയ്ക്കുന്നില്ലെങ്കിൽ അത് പ്രയോജനരഹിതമാണ്. എപ്പോഴെല്ലാം ഞങ്ങൾ ഒരുമിച്ചു കൂടിയിരുന്നോ അപ്പോഴെല്ലാം അവിടുത്തെ സ്നേഹത്തെ പങ്കുവയ്ക്കാനുള്ള ഉപകരണമായി – ആ കലയോടുള്ള എല്ലാ ബഹുമാനത്തോടും കൂടി – സംഗീതത്തെ ഞങ്ങൾ പ്രയോജനപ്പെടുത്തി. അതുകൊണ്ട്, ഈ രണ്ടു കാര്യങ്ങളിൽ ഞങ്ങൾ ഒരിക്കലും വെള്ളം ചേർത്തിരുന്നില്ല – അവിടുത്തെ സ്നേഹം പ്രഘോഷിക്കുക; സംഗീതത്തിന്റെ ഏറ്റവും നല്ലതു അവിടുത്തേക്കു നൽകുക. റെക്സ് ബാന്റിനെ ഇന്നു കാണുന്ന നിലയിൽ എത്തിച്ചിട്ടുള്ളത് അതുതന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു.

എല്ലാ റെക്സ് ബാന്റ് ടൂറുകളും ഞങ്ങളെ സംബന്ധിച്ച് വിശ്വാസത്തിലുള്ള ഒരു ആഴമായ യാത്രയാണ്. ഒരുപാടു കഠിനമായ പ്രതിസന്ധികളിലൂടെ ഞങ്ങൾ കടന്നുപോയിട്ടുണ്ട്. ചില യാത്രകൾ ഒരുതരത്തിലും ഇനി സാധ്യമല്ല എന്നു തോന്നിക്കുമാറ് തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. ആരോഗ്യപ്രശ്നങ്ങൾ, ജോലിയിൽ നിന്നും അവധി ലഭിക്കാത്ത അവസ്ഥ, വിസ തടസങ്ങൾ എന്നിവയെല്ലാം ഞങ്ങൾ നേരിട്ടിട്ടുണ്ട്. എന്നാൽ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് ഞങ്ങൾ അടുത്തപടി ചവിട്ടാൻ തയ്യാറാകുമ്പോൾ, അവിടുത്തെ മനോഹരമായ ഇടപെടൽവഴി ആ പ്രശനങ്ങളെല്ലാം മാറി, പുതിയ വഴി തുറന്നുകിട്ടുന്നതായി ഞങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഞങ്ങൾ പലപ്പോഴും പറയാറുള്ളതാണ് : ഞങ്ങളുടെ സംഗീതം – വേദിയിൽ നിന്ന് ആളുകൾ കേൾക്കുന്നത് എന്താണോ അത് – അവിടുന്നിൽ മാത്രമേ ഞങ്ങൾക്കൊരു ജീവനുള്ളൂ എന്ന ആന്തരികബോധ്യത്തിൽ നിന്നുകൊണ്ടുള്ള ഞങ്ങളുടെ വേദനകളുടെയും ഭയത്തിന്റെയും തേങ്ങലുകളുടെയും ആകെത്തുകയാണ്. ഇതാണ് ഹൃദയങ്ങളെ സ്പർശിക്കുന്ന, ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്ന, സൗഖ്യം നൽകുന്ന സംഗീതമായി ഞങ്ങളിലൂടെ ഒഴുകിയത്." റെക്സ് ബാന്റിന്റെ കഥ ഒരുകൂട്ടം യോഗ്യരായ ആളുകളുടെ കഥയല്ല, മറിച്ച് തങ്ങളുടെ ഏറ്റവും നല്ലതു കർത്താവിനായി സമർപ്പിച്ച ഒരുകൂട്ടം ആളുകളുടെ കഥയാണ്.

## ലോകത്തിൽ ആയിരുന്നുകൊണ്ട്, എന്നാൽ ലോകത്തിന്റേതാവാതെ

ഇന്നത്തെ ലോകം കടുത്ത മാത്സര്യത്തിന്റേതായി മാറിക്കൊണ്ടിരിക്കുന്നു. 'വിജയം' എന്ന വാക്കിനാണിവിടെ പ്രസക്തി. നമ്മൾ ആയിരിക്കുന്ന ഇടങ്ങൾ, ജോലിസ്ഥലം, ബന്ധങ്ങൾ, സാമൂഹികരാഷ്ട്രീയവ്യവസ്ഥിതി, സാമൂഹിക മാധ്യമങ്ങൾ എല്ലാം തന്നെ ഇതിനെ

www.malankaralibrary.com

പ്രതിഫലിപ്പിക്കുന്നതാണ്. കാഴ്ചക്കാരുള്ള, ആരാധകരുള്ള, അംഗീകാരങ്ങൾ ഉള്ളവർ മാത്രമാണ് ഇവിടെ വിലയുള്ളവർ. ഇത് തങ്ങളെത്തന്നെ പ്രാധാന്യമില്ലാത്തവരും വിലയില്ലാത്തവരുമായി കരുതുന്ന ഒരു വിഭാഗം ആളുകളെ പിന്നിലേക്കു നയിക്കുന്നതിനു വഴിയൊരുക്കുന്നു.

ക്രിസ്ത്യാനി എന്ന നിലയിൽ, ജീസസ് യൂത്ത് എന്ന നിലയിൽ ലോകത്തിന്റെ ഈ മൂല്യനിർണയത്തെ വെല്ലുവിളിക്കാൻ – എല്ലാവർക്കും തുറന്ന സാധ്യതയുള്ള ഒരു ലോകത്തിനുവേണ്ടി നിലകൊള്ളാൻ – ഉത്തരവാദിത്തപ്പെട്ടവരാണ് നമ്മൾ. ചുറ്റുമുള്ള പരിമിതികളുടെ, വിവേചനങ്ങളുടെ, വിജയാധിഷ്ഠിത വേലികളുടെയെല്ലാമപ്പുറം ഓരോ വ്യക്തിയും പ്രത്യാശയോടെ തങ്ങളുടെ ജീവിതനിയോഗം തിരിച്ചറിയേണ്ടിയിരിക്കുന്നു.

## മികച്ച ആളുകളല്ല, അവിടുത്തേക്ക് ഏറ്റവും മികച്ചത് നൽകുന്നവരാകാൻ

ഇവിടെ നിയതമായ ഒരു നിർദേശം നൽകാനല്ല ഞാൻ ശ്രമിക്കുന്നത്. ജീസസ് യൂത്ത് ശുശ്രൂഷകളുടെ അടിത്തറ വ്യക്തികളുടെ കഴിവിനും പ്രാഗദ്ഭ്യത്തിനുമപ്പുറം ആഴമുള്ളതായിരിക്കണം എന്ന് ഉറച്ചു വിശ്വസിക്കുന്നയാളാണു ഞാൻ. കൂട്ടായ്മയോടും, ദൈവികപദ്ധതിയോടും, എല്ലാ മാനുഷികപരിമിതികൾക്കുമതീതനായ പരിശുദ്ധാത്മാവിന്റെ പ്രേരണകളോടും തുറവിയുള്ളവരായി നാം ഓരോരുത്തരും രൂപാന്തരപ്പെടാൻ ഞാൻ ഈ സമയം പ്രാർഥിക്കുന്നു. കൂടാതെ, ഓരോ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുമ്പോഴും അവിടുത്തെ വിളിയോട് പ്രതിബദ്ധതയുള്ളവരാകാനും, അവിടുത്തെ മഹത്വത്തിനായി ഏറ്റവും മികച്ചതു നൽകാൻ തക്കവിധം തുറവിയുള്ളവരാകാനും നമുക്കു സാധിക്കട്ടെ എന്ന് അഭിലഷിക്കുകയും ചെയ്യുന്നു. ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്, **ദൈവത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നത് ഏറ്റവും മികച്ചവരിലൂടെയല്ല, അവിടുത്തേക്ക് ഏറ്റവും മികച്ചതു നൽകാൻ സന്നദ്ധരായവരിലൂടെയാണ്.**

അവസാനമായി പ്രിയപെട്ടവരെ, നമ്മുടെ ഫലങ്ങൾ പലപ്പോഴും ലോകത്തിന് അദൃശ്യമാണ്. ഒരുപക്ഷെ, ലോകത്തിന്റെ കാഴ്ചപ്പാടിൽ നമ്മുടെ ശ്രമങ്ങളെല്ലാം പരാജയമായിരിക്കാം. എന്നിട്ടും, ജീസസ് യൂത്ത് എന്ന നമ്മുടെ വിളിയോട്, അതിന്റെ പൂർണതയിൽ പ്രത്യുത്തരിക്കാൻ ശ്രമിക്കുന്ന നമുക്ക് ഉറച്ചുവിശ്വസിക്കാം : ഒന്നും നഷ്ടമായിട്ടില്ല. ഒന്നും അവിടുത്തെ കാഴ്ചയിൽ നിന്നും മറഞ്ഞിരിക്കുന്നില്ല. യാതൊന്നും വിടവിൽക്കൂടി നഷ്ടപ്പെടുകയില്ല. നാം ക്രിസ്തുവിനോടു കൂടെ, ക്രിസ്തുവിലൂടെ, ക്രിസ്തുവിൽ, ക്രിസ്തുവിനു വേണ്ടി ചെയ്യുന്ന സ്വയംദാനവും, പുണ്യപ്രവൃത്തികളും, പരിത്യാഗങ്ങളും, കരുണയുടെയും സ്നേഹത്തിന്റെയും മറ്റെല്ലാ പ്രവൃത്തികളും ശാശ്വതമായി നിലനിൽക്കും. പ്രിയരേ, ഉറപ്പോടെ നിൽക്കുക. അവിടുത്തെ സന്നിധിയിൽ നമ്മുടെ അധ്വാനം പാഴാവില്ല.